**Joseph Srampickal**
Bishop, CatholicSyro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 03 /2024 | 31 May 2024

## 8 - ാമത് വാത്സിംഹാം തീർത്ഥാടനം ജൂലൈ 20 ന്

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ സന്യസ്തരെ സഹോദരി സഹോദരന്മാരെ,

പരിശുദ്ധ കന്യകാമറിയത്തോടുള്ള സഭയുടെ സ്ഥായിയായ സ്നേഹത്തിന്റെയും വണക്കത്തിന്റെയും സാക്ഷ്യമാണ് മരിയൻ തീർത്ഥാടനങ്ങൾ. നൂറ്റാണ്ടുകളിലൂടെനീളം, പരിശുദ്ധ കന്യാമറിയം പ്രത്യക്ഷപ്പെട്ടതോ പ്രത്യേകമായി വണങ്ങപ്പെടുന്നതോ ആയ വിശുദ്ധ സ്ഥലങ്ങളിലേക്ക് വിശ്വാസ സമൂഹം നടത്തുന്ന മരിയൻ തീർത്ഥാടനങ്ങൾ സഭയുടെ വിശ്വാസ ജീവിതത്തിന്റെ വളർച്ചയിൽ സുപ്രധാന സ്ഥാനം വഹിച്ചിട്ടുണ്ട്. ദൈവഹിതം ശിരസാ വഹിച്ച പരിശുദ്ധ അമ്മ നമുക്ക് എന്നും വലിയ മാതൃകയും പ്രചോദനവുമാണ്. ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയുടെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടനമായ വാത്സിംഹാം തീർത്ഥാടനം ഈ വർഷം ജൂലൈ 20 ശനിയാഴ്ചയാണ് നടത്തപ്പെടുന്നത്. ഈ മരിയൻ തീർത്ഥാടനം, നാം എല്ലാവരും ഈ ഭൂമിയിൽ തീർത്ഥാടകരാണെന്ന യാഥാർത്ഥ്യം ഓർമിപ്പിക്കുകയും നമ്മുടെ വിശ്വാസ ജീവിതത്തെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് പ്രത്യാശിക്കുന്നു. നമ്മുടെ രൂപതയ്ക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാനുള്ള അവസരം കൂടിയാണിത്.

നമ്മുടെ ഈ തീർത്ഥാടനം കേവലം ഒരു ഭൗതിക സ്ഥലത്തിന്റെ സന്ദർശനം മാത്രമല്ല, അവ ആഴത്തിലുള്ള ആത്മീയ യാത്രകളാണ്. തീർത്ഥാടകർ പ്രാർത്ഥനയിലും ഉപവാസത്തിലും വ്യാപൃതരായി പരിശുദ്ധ അമ്മയിലൂടെ മിശിഹായിൽ എത്തിച്ചേരാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നു.അതോടൊപ്പം ഈ തീർത്ഥാടനം നമ്മുടെ രൂപതാംഗങ്ങൾക്കിടയിൽ ഐക്യവും പരസ്പര പിന്തുണയും വളർത്തുകയും അവരുടെ ആത്മീയ ജീവിതത്തെ സമ്പന്നമാക്കുകയും സഭയുമായുള്ള നമ്മുടെ ബന്ധത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ജൂലൈ ഇരുപതാം തീയതി വാത്സിംഹാമിലേക്ക്, നമ്മുടെ രൂപതയിലെ എല്ലാ വൈദികരെയും സന്ന്യസ്തരെയും വിശ്വാസികളെയും സ്നേഹപൂർവ്വം ക്ഷണിക്കുകയും തീർത്ഥാടനത്തിനുള്ള ക്രമീകരണങ്ങൾ എല്ലാ ഇടവകകളിലും മിഷനുകളിലും നടത്തേണ്ടതാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളെല്ലാവരെയും നമ്മുടെ കർത്താവീശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈ തീർത്ഥാടത്തിന് നേതൃത്വം നൽകുന്ന കേംബ്രിഡ്ജ് റീജിയനിലെ ബഹു. വൈദികരെയും വിശ്വാസ സമൂഹത്തേയും ഞാൻ പ്രത്യേകമായി അനുമോദിക്കുകയും ദൈവകരുണയ്ക്കായ് സമർപ്പിക്കുകയും ചെയ്യുന്നു. ഈ വർഷവും വാത്സിംഹാം തീർത്ഥാടനത്തിനു പ്രസുദേന്തിയാകാൻ (£ 50 per person) നിങ്ങൾക്കല്ലൊവർക്കും അവസരമുണ്ട്. പരിശുദ്ധ അമ്മ വഴി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കാനുള്ള ഈ സാധ്യത പ്രയോജനപ്പെടുത്താൻ ഞാൻ നിങ്ങളെല്ലൊവരെയും പ്രോത്സാഹിപ്പിക്കുന്നു. പ്രസുദേന്തിയാകാൻ ആഗ്രഹിക്കുന്നവർ താഴെ നൽകിയിരിക്കുന്ന ഫോം പൂരിപ്പിച്ചു നൽകുമല്ലോ. തീർത്ഥാടന കമ്മിറ്റി പ്രസുദേന്തിമാരുമായി നേരിട്ട് ബന്ധപ്പെടുന്നതായിരിക്കും.

https://forms.office.com/e/aB5Dp2fyma

**<u>തീർത്ഥാടനത്തിന്റെ സമയക്രമം</u>**

9.30 am. - **ആരാധന, സപ്ര, ജപമാല**

10.30 am. - **Marian Talk**: Rev Dr Tom Olikkarott

*(Eparchial Pastoral Coordinator and Secretary to Bishop)*

11.15 am. - **കൊടിയേറ്റ്, അടിമ വയ്ക്കൽ**, Lunch Break

12.15 am. - **പ്രസുദേന്തി വാഴിക്കൽ**

12 30 am. - **പ്രദക്ഷിണം**

2.00 pm. - **വിശുദ്ധ കുർബാന**

4.00 pm. - **Departure**

മിശിഹായിൽ സ്നേഹപൂർവ്വം,



ജോസഫ് സ്രാമ്പിക്കൽ
ബിഷപ്പ്, ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ.

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2024 ജൂൺ 2 ന് വായിക്കേണ്ടതാണ്. (അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച്ച വായിക്കേണ്ടതാണ്)